# കേരള കൗമുദി

ആഴ്ചപ്പതിപ്പ്

www.kaumudiweekly.com
2017 സെപ്റ്റംബർ 06 - 13
₹10





കഥ

ശിവദാസൻ. എ. കെ

# ശവക്കൂത്ത്

“ചാക്കോപ്പി രണ്ട് ദിവസമായി നെടിലാന്റെ കുവലാണല്ലോടാ.”

“ചാവ് നടന്നാ നിനക്ക് കോളടിച്ചല്ലോ.”

“അതിപ്പം ചാകുന്നത് നമ്മള് തന്നെയായിക്കൂടെന്നില്ലേ.”

“അതെന്തൊരു പറച്ചിലാടാ ഉവ്വേ.ലോകത്ത് നടക്കാൻപോകുന്ന കഷ്ടതയെല്ലാം മറ്റുള്ളോർക്കെന്നല്ലേ ഓരോരുത്തരുടേയും വിചാരം. അല്ലേ മനുഷ്യനെന്നേ നന്നായിപ്പോയേനെ.”

ഇതാ നാരായണൻ നായരുടെ സ്ഥിരം പറച്ചിലാ.

അതങ്ങനെയാ സാറേ, നാരായണൻ നായരു മാത്രമല്ല, എല്ലാവരും അങ്ങനെയേ പറയൂ.

ആര് ചത്താലും ശവം ദഹിപ്പിക്കണോൻമാർക്ക് സന്തോഷാണെന്ന്.

ഞാനീ ക്രിമിറ്റോറിയത്തിന്റെ , ദാണ്ടെ കിടക്കുന്നു. കടിച്ചാ പൊട്ടാത്ത ഒരുപേര്. ഞാൻ ആത്മവാടി എന്നേ വിളിക്കൂ. ആത്മവിദ്യാലയം എന്ന് പേരിടാൻ നാരായണൻ നായർക്ക് താല്പര്യമായിരുന്നു. ആ പാട്ടില്ലേ, ഹരിശ്ചന്ദ്രൻ സിനിമേല് കമുകറ പാടിയത്. അതു തന്നെ.

“ആത്മവിദ്യാലയമേ........അവനിയിലാത്മവിദ്യാലയമേ...”

അത് അങ്ങോരുടെ ഇഷ്ടഗാനമാണ്. എന്നാലും എന്റെ ഒരു താല്പര്യത്തിന് അങ്ങോര് സമ്മതിച്ചു. അങ്ങനെയാണ് ഈ പേരിട്ടത്. ആത്മവാടീന്ന്.

നാരായണൻ നായര് നെറിവുള്ളോനായിരുന്നു. എല്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാരേംപോലല്ല. നാരായണൻ നായര് പ്രസിഡണ്ടായിരിക്കുമ്പോഴാ ആത്മവാടി ഒണ്ടാക്ക്യേ. എന്നെ ഇവിടെ ശവം ദഹിപ്പിക്കണ ജോലിക്ക് നിയമിച്ചതും അങ്ങോര് തന്ന്യാ.

ഞാനെന്തിനാ ഈ ജോലിക്ക് വന്നതെന്ന് ചോദിക്കണോരുണ്ട്. പണീടെക്കാനുള്ളശേഷി മുട്ടിപ്പോയി. അങ്ങനെ വന്നാ പിന്നെ നമ്മളും ഒരു തരത്തീ ശവം തന്നെയാ. പിന്നെന്താ കിട്ടീത് മിച്ചം.

അതിന്റെ കണക്ക് പറഞ്ഞാ നമ്മള് തെറ്റും.

കാശു കൂട്ടാൻ പറഞ്ഞ് അപേക്ഷ വെച്ചപ്പം പഞ്ചായത്ത് കമ്മിറ്റീ ചർച്ച നടന്നതൊക്കെ ഞാനറിഞ്ഞു.

പെണ്ണും പെടക്കോഴീം ഇല്ലാത്ത ചാക്കോപ്പിക്കെന്തിനാ ശമ്പളവർദ്ധനവെന്ന്.

എന്റെ പെണ്ണും പിള്ള മരിച്ചത് എന്റെ കുറ്റം കൊണ്ടാണോ. ഞങ്ങക്ക് പിള്ളാരില്ലാത്തതിന് ഞാനെന്തു പിഴച്ചു. മറ്റുള്ള ആപ്പീസുകളിലൊക്കെ പെണ്ണിന്റേം പിള്ളാരുടേം എണ്ണമെടുത്തിട്ടാണോ ശമ്പളം കൂട്ടിക്കൊടുക്കുന്നേ. ആ അതൊക്കെപോട്ടേ. നിങ്ങള് ചെയ്യു കാര്യം പറഞ്ഞന്നേ ഒള്ളൂ.

ആദ്യമൊക്കേ ഒരു വൈക്ലബ്യമാരുന്ന്. പിന്നെ പിന്നെ ഇത് ഇഷ്ടപ്പെടാൻ തുടങ്ങി.

മുമ്പ് പറഞ്ഞപോലെ ആൾക്കാര് ചാവുന്നതൊന്നുമല്ല. പട്ടിണി കിടന്നാലും ചാക്കോപ്പിക്കങ്ങനെയൊരിഷ്ടംതോന്നിയിട്ടില്ല്യ.

പ്രായം തെകയാത്ത പിള്ളാരുടെ ശവമെങ്ങാനും വന്നാൽ ചങ്കു പിടഞ്ഞുപോകും. ഒരെണ്ണം എനിക്കുണ്ടാർന്നേ ഇതേ പ്രായം കണ്ടേനെ എന്ന് തോന്നും. അന്ന് കെടന്നാ ഒറക്കം വരില്ല. പിന്നെന്താണിവിടിങ്ങനെ ഇഷ്ടം എന്നല്ലേ. അതിവിടെ കൂടണം എന്നാലെ മനസ്സിലാകൂ.

ശവം കൊണ്ടുവരുമ്പോഴും കർമ്മങ്ങൾക്കുമല്ലാതെ ഒരു പട്ടിക്കുറുക്കൻ ഇങ്ങോട്ടു കേലാ. അങ്ങനെ ഒറ്റക്കിരിക്കുമ്പോ ചെല ചലനങ്ങള് നമ്മക്ക് കാണാം. ചെലത് നമുക്ക് പരിചയോണ്ടാകും. ചെലത് അങ്ങിനെയല്ല.

പകല് മൂഴവൻ എരിഞ്ഞങ്ങനെ സന്ധ്യയാവണം. അപ്പോ അന്തിക്കാറ്റിന്റെ ഒരു കുളിരു വന്ന് നെറുകേല് ഉമ്മ വെച്ചപോകും. ഏതോ പെണ്ണുങ്ങളുടെ അത്മാവാ. തലോടലിന് ഒരരുമയുണ്ട്.

ചെലപ്പോ കുത്തിപ്പടർന്നു നിൽക്കുന്ന ഈ പൂച്ചെടീല് ഒക്കെ തൊട്ട് കുറെ പൂത്തുമ്പികള്. കുട്ടികളാണ്.

പിന്നേമുണ്ട്, ഇരുളിനപ്പുറത്ത് നിന്ന് ഇരുത്തിയൊരു മൂളൽ. ഒരു പൂച്ചക്കരെച്ചിൽ, ഒരു കാളയുടെ അമറൽ. എല്ലാം ആത്മാക്കളാ. മരണത്തിന്ശേഷം ഒരുലോകമുണ്ടെന്ന് ഉറപ്പായതിപ്പഴാ. നമ്മളും ആത്മാക്കളും മുഖത്തോടു മുഖംനോക്കിയിരിക്കണം. അപ്പഴേ അവര് വെളിയിൽ വരൂ.

ആത്മവിദ്യാലയം എന്നൊക്കെ പാട്ടിലല്ലേ സാറേ, ആ പാട്ടീ തന്നെയൊണ്ടല്ലോ “ഇല്ല ജാതിതൻ ഭേദവിചാരം ഇവിടെപ്പക്കവർ ഒരു കൈ ചാരം.“

ആര് പറഞ്ഞു ഇല്ലെന്ന്. സാറിനറിയാവോ നാരായണൻനായര് മരിക്കണേന് മുമ്പ് ഇവിടെ വന്നായിരുന്നു. എന്നിട്ട് എന്നോടൊരു പറച്ചിൽ.

എടാ ചാക്കോപ്പി ഇത് ഞാൻ പ്രസിഡണ്ടായപ്പം ഉണ്ടാക്കിയ ക്രിമിറ്റോറിയമല്ലേ, എന്നെ ഇവിടെത്തന്നെ കത്തിക്കണോന്ന്.

എന്നിട്ടെന്താ അങ്ങോര് മരിച്ചപ്പം ഞാൻ ചെന്നിരുന്നു. മൂത്ത മകനെ കണ്ട് കാര്യം പറഞ്ഞു. അവൻ തല്ലിയില്ലെന്നേ ഒള്ളൂ.

താനിപ്പം പുറത്തോട്ടിറങ്ങി ആളെപ്പിടുത്തം തുടങ്ങിയോന്ന്. അവര് കൊള്ളാവുന്ന തറവാട്ടുകാരാണ്. അടക്കണോങ്കീവേറെ കൊള്ളാവുന്ന ഇടത്ത്പോകുന്ന്. കണ്ണീകണ്ട അന്തരാള ജാതിക്കാരേം ആണ്ടിപ്പണ്ടാരങ്ങളേം ദഹിപ്പിക്കണോടത്ത് അവർക്ക് പറ്റില്ലപോലും.

സാറേ ഇതേത് യുഗമാന്ന്. കമ്പ്യൂട്ടർ യുഗമോ. എന്ത് കുന്തമെങ്കിലുമാകട്ടെ. ആ ചെറുക്കൻ കമ്പ്യൂട്ടറ് കമ്പനിയുടെ മാനേജര്. മടീല് കമ്പ്യൂട്ടറും വെച്ച് ജാതി പറഞ്ഞു നടക്കുന്ന പരിഷകള്.

സാറ് ഒന്നും വിചാരിക്കരുത്. മനസ്സിലുള്ളതെല്ലാം ചാക്കോപ്പി ഇന്ന് പറയും. അതാ ഞാൻ നടേ പറഞ്ഞത്. നാരായണൻ നായര് നെറിവുള്ളോനാന്ന്. അല്ലെങ്കീ ഈ അന്തരാള ജാതിക്കാരുടെ ചുടുകാട്ടീ ക്രിമിറ്റോറിയമുണ്ടാക്ക്വോ.' നൂറ്റാണ്ടുകളായി അവരുടെ ശവം തിന്ന് വീർത്ത ഇടത്ത് തന്നേം അടക്കണമെന്ന് പറയ്വോ. അങ്ങോര് പഴയ കോൺഗ്രസാണ്. ഗാന്ധിജികോൺഗ്രസ്സ്.

എന്തുമാകട്ടെ നായരെ അടക്കിയതിന് പിറ്റേന്ന് പാമ്പാടീ ചെന്ന് ഞാൻ ആ പട്ടടേന്ന് ആരും കാണാതെ ഒരു പിടി വാരിക്കൊണ്ടുവന്നു. എന്നിട്ട് ഫർണസിലോട്ട് ഇട്ട് ഗ്യാസ് ഓൺ ചെയ്തു ഒന്ന് കത്തിച്ചു.

അപ്പോൾ നാരായണൻ നായര് ഒറക്കെ ചിരിക്കണത് ഞാൻ കേട്ടു.

നീയിത് ചെയ്യുന്ന് എനിക്കറിയാടാ തെമ്മാടീന്ന് സ്നേഹത്തിലൊള്ളൊരു വഴക്കും.

വീട്ടിക്കെടക്കാതെ ഇവിടെ കെടക്കാൻ വേണ്ടി തന്നാ നൈറ്റ് വാച്ച്മാന്റെ പണി കൂടി ചെയ്യാമെന്നേറ്റത്. അല്ലെങ്കിൽ എന്നേപ്പോലെ ഒരാളല്ലാതെ ശവക്കോട്ടക്ക് ആര് കാവൽ കിടക്കാനാ.

ഓരോ ദിവസവും സന്ധ്യ മയങ്ങിയാ പിന്നെ ഓരോരോ വരവുകളാ. ശവക്കോട്ടകുമുകളിൽ മിന്നാമിനുങ്ങുകള് ചെയ്യുന്ന നൃത്തമുണ്ട്. ചുടലനൃത്തം. എവിടുത്തേംപോലല്ല ഇവിടെ വിരിയണ രാപ്പൂക്കളുടെ മണം.

ഇതൊക്കെ നോക്കിയിരുന്നാൽ നേരം

പോണതറിയില്ല. അങ്ങനെയിരിക്കെ അർദ്ധരാത്രി കഴിയുമ്പഴാ ഒരു മയക്കം വന്നു കയറുന്നെ.

അപ്പഴാ അവളുടെ വരവ്.

ഉള്ള നിലാവുപോലും വറ്റിപ്പോകും. മുട്ടൻ മുലകളും,ചോരച്ച ഉണ്ടക്കണ്ണും, ചുവന്ന നാക്കും കരിങ്കറുപ്പു നെറോം. കഴുത്തില് തലയോട്ടി കൊണ്ടാ മാല. എല്ലു കൂട്ടിച്ചേർത്ത് അര മറച്ച് കാരിരുമ്പ് വിളക്കിച്ചേർത്ത മണി കാലിൽ കെട്ടി ചവിട്ടിക്കുതിച്ചൊരു വരവുണ്ട്.

ചുടല ഭദ്രകാളിയാ, ചുടലഭദ്രകാളി.

പിന്നത്തെ ഉറക്കത്തിന് മുഴോൻ അവള് കൂട്ടുണ്ടാകും. അബദ്ധത്തിലെഴുന്നേറ്റുപോകരുത്. ചുടലക്കതിഷ്ടമല്ല.

അങ്ങനെയൊരു രാത്രിയിലാ സാറേ ആ സംഭവമുണ്ടായത്.

മയക്കത്തിൽ ചുടലയുമായി കണ്ണുപൊത്തിക്കളിച്ചിരുന്ന ഞാൻ അരുതാത്തൊരു ശബ്ദം കേട്ടത്.

അത് സ്വപ്നത്തിൽ നിന്നായിരുന്നില്ല. ഇവിടെ മാറിക്കെട്ടിയിരുന്ന ബലിത്തറയിൽ നിന്നായിരുന്നു.

ഞാനെഴുന്നേറ്റ് ടോർച്ചടിച്ചതേ ഉള്ളൂ. ആരൊക്കെയോ ഓടി മറഞ്ഞു.

ഇങ്ങനെയൊരു കാവൽക്കാരനെ അവര് പ്രതീക്ഷിച്ചു കാണില്ല.

ബലിത്തറയിൽ ഞാൻ ശരിക്കുമൊരു ചുടല ഭദ്രകാളിയെ കണ്ടു. ഒരു തുണിയുമുടുക്കാതെ കറുത്ത്, കടഞ്ഞെടുത്തൊരു പെണ്ണ്.

ഓർക്കാപ്പുറത്ത് വന്ന വെളിച്ചം അവളെ ഭയപ്പെടുത്തിയിരുന്നു. ഞാനൊരു മനുഷ്യനെന്നു മനസ്സിലായപ്പോൾ ആദ്യം അവളെന്നോടു ദേഷ്യപ്പെട്ടു.

ഞാനവളോട് പൊയ്ക്കൊള്ളാൻ പറഞ്ഞു. നേരം വെളുത്തേ പോകൂ എന്നവൾ. അവൾക്ക് പേടിയായിട്ടാണ്.

അങ്ങനെ അന്ന് രാത്രി ഞങ്ങൾ മുഖത്തോടു മുഖം നോക്കി നേരം വെളുപ്പിച്ചു.

പിന്നെയാ സാറേ അവളു വല്ലപ്പോഴും വരാൻ തുടങ്ങിയത്. നിങ്ങളു വിചാരിക്കും പോലെ മറ്റേ പണിക്കല്ല. അവൾക്ക് മനസ്സു തുറന്ന് സംസാരിക്കാൻ ഒരാള് വേണമായിരുന്നു. കേൾക്കാൻ ഞാൻ തയ്യാറുമായിരുന്നു.

എന്തു പറഞ്ഞാലും നിങ്ങൾ വിശ്വസിക്കില്ലല്ലോ.

അതിനാണ് നിങ്ങൾ ശവക്കോട്ടയിൽ അനാശാസ്യമെന്നൊക്കെ പറഞ്ഞു നടക്കുന്നത്. എനിക്കെതിരെ വിചാരണ നടത്തുന്നത്. അവള് വന്ന രാത്രി പതിയിരുന്ന് പിടിച്ച് പോലീസിലേൽപിച്ചത്.

ഇഷ്ടം നിങ്ങള് പറയുന്നു. ഞാൻ പിരിഞ്ഞുപോകണമെന്ന്. അല്ലേ ഇവിടുന്ന് പുറത്താക്കുമെന്ന്.

അല്ല, ഈ ശവം കത്തിക്കലും സദാചാരോം തമ്മിലെന്നതാ ബന്ധം. ആരും വരാത്തിടത്ത് ഒരാണും പെണ്ണും മിണ്ടീം പറഞ്ഞുമിരുന്നാൽ നിങ്ങക്കെന്നതാ.

നാട്ടുകാര് പോലീസിലേൽപിച്ചതിന്റെ മൂന്നാം പൊക്കമൊ അവള് മരിച്ചത്.

ഉത്തരത്തിൽ തൂങ്ങാൻ മാത്രം വഴി പിഴച്ചു നടന്നവൾക്കെന്തു മാനമാ എന്നു ചോദിച്ചു നാട്ടുകാര്. അല്ലെങ്കിലും വേശ്യയുടെ മാനത്തിന്റെ അളവുകോല് മാന്യന്മാരുടെ കൈയ്യിലാണല്ലോ.

അവളുടെ തണുത്ത ശരീരത്തിനും തീ കൊളുത്താനുള്ള യോഗം എനിക്കായിരുന്നു. ഞാനും അവളും തമ്മിലുള്ള ബന്ധം അറിഞ്ഞാവണം ശവം കൊണ്ടുവന്നവർ എന്നെ തുറിച്ചു നോക്കിയത്. ഫർണസിനുള്ളിൽ കിടന്ന് അവളു തീരുന്നത് ഞാൻ നോക്കിയിരുന്നു. ഒരു നേരം മുഴുവൻ. അവൾക്കൊരു മുക്കാക്കുറ്റി ഗ്യാസുപോലും വേണ്ടി വന്നില്ല. ഉള്ളു മുഴുവൻ നേരത്തെ നീറിപ്പോയതാണല്ലോ. അവള് കരിഞ്ഞ രാത്രിക്ക് മുല്ലപ്പൂവിന്റെ മണമായിരുന്നു. ചില ആത്മാക്കള് അങ്ങനെയാ പുനർജ്ജനിക്കുക. ഞാനും അവളും തമ്മിലുള്ള ബന്ധം എന്താണെന്ന് ഞാൻ ആണയിട്ടു പറഞ്ഞിട്ടും ആരും വിശ്വസിച്ചില്ല. വേണ്ട, എനിക്കാരുടേം ഔദാര്യം വേണ്ട. എന്നെ പുറത്താക്കുന്നതിന് മുമ്പ് ഞാനൊഴിയുകാ. ഈ കത്ത് നിങ്ങൾ കാണുന്നതിന് മുമ്പ് തന്നെ. ഈ നിമിഷം മുതൽ.

"മന്നവനാട്ടെ യാചകനാട്ടെ വന്നിടുമൊടുവിൽ വൻചിത നടുവിൽ."

എന്നല്ലെ, ഇതിൽ ഏത് ഭാഗം എനിക്ക് ചേരുമെന്നറിയില്ല. മന്നവനും യാചകനും ഇടയിൽ മനുഷ്യരൊണ്ടല്ലോ.

നിങ്ങള് പഞ്ചായത്ത് കമ്മിറ്റിക്കാർക്ക് നല്ലതു വരട്ടെ. ഇത്രയേ പറയാനുള്ളൂ. അതു കൊണ്ട് എഴുത്ത് ചുരുക്കുന്നു.

"എഴുത്തു നിർത്തിയേ, ആരെങ്കിലുമുണ്ടേ ശ്രദ്ധിച്ചോണം."

"ദാ, ഉത്തരത്തേല് ഇങ്ങനെ കയറിടണം."

"എന്നിട്ട് സ്റ്റൂളേ കേറി നിന്ന് കുരുക്ക് ശരിയാക്കണം."

'അതിനെടേല് ആരോ എന്തോ പറയുന്നുണ്ടല്ലോ."

"നാരായണൻ നായരാണോ. അയാള് പിന്നേം വന്നോ."

"കൊച്ചാപ്പി നെടിലാന്റെ കുവലാണല്ലോടാ."

"അതിനെന്താ?"

"ചാവു നടന്നാ കോള് നിനക്കല്ലേ"

"ഇന്നങ്ങനെ ആണോ, നിങ്ങള് തീരുമാനിച്ചോ"

"ദേ, വീണ്ടുമാ പാട്ട്."

"അഴിനിലയില്ലാ ജീവിതമെല്ലാം ആറടി മണ്ണിൽ നീറിയൊടുങ്ങും."

"എന്തൊരു വിമ്മിട്ടമാ കാറ്റിനു പോലും ശ്വാസം മുട്ടുന്നു."

"അപ്പഴാ മുല്ല പൂത്ത മണവുമായി ഒരു കുടന്ന നിലാവ്."

"എനിക്കാരേം കാണണ്ട. പൊയ്ക്കോ, വേഗം പൊയ്ക്കോ, പോയി ശവക്കോട്ടേടെ മതിൽ പുറത്ത് പോയി കെട്ട് ഇരുട്ടായി മാറ്."

